# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ -പീഡിയാട്രിക്സ് ജൂനിയർ കൺസൾട്ടന്റുമാരുടെ സ്ഥലംമാറ്റം - ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27/2/2018-ലെ ഉത്തരവിന് ആജ്ഞാനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27/2/2018-ലെ ഉത്തരവ്.
2. ഉത്തരവ് നം.ഇ.എ.1-2861/17/ആ.വ.ഡ. തീയതി: 9/1/2018.

## ഉത്തരവ് നം. ഇ.എ1-1040/2018/ആ.വ.ഡ.തിരു: തീയതി: 27/06/2018.

കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. രവി. കെ.വി. കോഴിക്കോട് ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ സൃഷ്ടിച്ച ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിലേക്ക് സ്ഥലംമാറ്റത്തിന് ടിയാനെ പരിഗണിക്കാതെ ഡോ. കൃഷ്ണമോഹനനെ മലപ്പുറം അരീക്കോട് താലൂക്ക് ആശുപത്രിയിൽ നിന്ന് പ്രസ്തുത ഒഴിവിലേക്ക് നിയമിച്ചതിന് എതിരെ ഒ.എ. നം. (ഇ.കെ.എം.) 544/2018 പ്രകാരം ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അന്യായം ഫയൽ ചെയ്യുകയുണ്ടായി.

ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27/2/2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഡോ. രവി. കെ.വി.യേയും ഡോ. കൃഷ്ണമോഹനനെയും നേരിൽ കേട്ട ശേഷം തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

അപ്രകാരം ഡോ. രവി. കെ.വി.-യേയും ഡോ. കൃഷ്ണമോഹനനെയും നേരിൽ കേൾക്കുകയുണ്ടായി. എന്നാൽ ഡോ. കൃഷ്ണമോഹനന് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്ന് കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിലേക്ക് സ്ഥാനം നല്കിയപ്പോൾ സ്വന്തം ജില്ലയായ കോഴിക്കോട് ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് നിലവിൽ ഇല്ലാത്തതിനാൽ മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്ക് ആശുപത്രിയിലേക്ക് നിയമനം നല്കിയിരുന്നത്. ആയതിനാൽ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ സൃഷ്ടിച്ച പുതിയ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ ഡോ. കൃഷ്ണമോഹനനെ - യാണ് പ്രഥമ പരിഗണനയിൽ പരാമർശം (2) പ്രകാരം നിയമനം നല്കി ഉത്തരവായിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ഡോ. രവി. കെ.വി.-യേയും ഡോ. കൃഷ്ണമോഹനനേയും നേരിൽ കേട്ടതിൽ നിന്ന് ഡോ. രവി. കെ.വി.-യുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാ- യെന്നും ഡോ. കൃഷ്ണമോഹനനെ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ നിലനിർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

GOVERNMENT OF KERALA 2017-18

ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവ് തീർപ്പാക്കിയിരിക്കുന്നു.

(ഒപ്പ്)

**ഡോ. സരിത. ആർ.എൽ.**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

1. ഡോ. രവി. കെ.വി.,
   ജൂനിയർ കൺസൽട്ടന്റ്(പീഡിയാട്രിക്സ്),
   സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട്.

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം.
   [ഒ.എ.(ഇ.കെ.എം.) 544/18].
2. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കോഴിക്കോട്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
4. ഫയൽ/കരുതൽ ഫയൽ.

//ഉത്തരവിൻ പ്രകാരം//

**സീനിയർ സൂപ്രണ്ട്.**

vsk 27/6/18

GOVERNMENT OF KERALA 2017-18